**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 913** **05.03.2018-ൽ മറുപടിക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലം**

**ചോദ്യം**

**ശ്രീ.ഐ.ബി. സതീഷ്**

(എ) കാട്ടാക്കട മണ്ഡലത്തിലെ പുന്നാവൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; ഇതിനായുള്ള തുടർ നടപടികൾ വേഗത്തിലാക്കാനും അപകടാവസ്ഥയിലുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട മണ്ഡലത്തിലെ, പുന്നാവൂർ പാലത്തിന്റെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പക്ഷേ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. സ്ഥലം പൂർണ്ണമായും ലഭ്യമായതിനു ശേഷം മാത്രമെ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ. കൂടാതെ 29/12/2017-ൽ ബഹുമാനപ്പെട്ട എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ ഭൂ ഉടമകളുമായി നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പുതിയ എൽ.എ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി റിക്വിസിഷൻ ജനുവരി 2018-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

S. Bindu
സെക്ഷൻ ഓഫീസർ